മാലിന്യ സംസ്കരണം

127 (1597) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖരമാലിന്യങ്ങളും മറ്റുതരത്തിലുള്ള മാലിന്യങ്ങളുംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാനും മാലിന്യങ്ങളുടെ സംസ്കരണത്തിനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) വീടുകളിലെ മാലിന്യം ശേഖരിച്ച് സംസ്കരിക്കുവാനും മാലിന്യ പ്രശ്നങ്ങൾ ഒഴിവാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കുമോ ; മാലിന്യ സംസ്കരണത്തിന് യാതൊരു നടപടികളും സ്വീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം സൗകര്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വിവിധ ശുചിത്വ ഘടകങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ഗവൺമെന്റ് 2006-ൽ മാലിന്യമുക്ത കേരളം പരിപാടിക്ക് രൂപംനൽകി. ഇതനുസരിച്ച് വിശദമായ മാലിന്യമുക്ത കേരളം കർമ്മ പരിപാടി 2007 നവംബർ 1-ാം തീയതി ആദരണീയയായ ഇൻഡ്യൻ രാഷ്ട്രപതി പ്രകാശനം ചെയ്യുകയുണ്ടായി. മാലിന്യ മുക്ത കേരളം പരിപാടി ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് ക്ലീൻ കേരളമിഷനും സംസ്ഥാന ശുചിത്വ ആരോഗ്യമിഷനും സംയോജിപ്പിച്ച് 2008 മുതൽ ശുചിത്വമിഷൻ രൂപീകരിക്കുകയുമുണ്ടായി. ഖരമാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ശുചിത്വ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ശുചിത്വമിഷനാണ്.

ഖര-ദ്രവമാലിന്യങ്ങൾ ഉൽഭവസ്ഥാനത്തുതന്നെ സംസ്കരിക്കുന്ന പദ്ധതികൾക്കാണ് ഊന്നൽ നൽകുന്നത്. എന്നാൽ കേന്ദ്രീകൃത സംവിധാനങ്ങളും ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പിലാക്കാൻ പ്രോത്സാഹനം നൽകിവരുന്നു. താഴെപ്പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകിവരുന്നു :

- ഉറവിടത്തിൽ തരംതിരിച്ചുള്ള ശേഖരണം
- ചീഞ്ഞളിഞ്ഞ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കൽ
- ഉറവിടങ്ങളിൽനിന്ന് അജൈവ വസ്തുക്കൾ നേരിട്ട് തരംതിരിച്ചുള്ള ശേഖരണം
- പൊതുസംഭരണികളിൽനിന്നുള്ള മാലിന്യശേഖരണം
- തെരുവ് ശുചീകരണം

LIBRARY ARCHIVES Kerala Legislative Assembly

- ട്രാൻസ്പോർട്ടേഷൻ
- മാലിന്യ സംസ്കരണവും നിർമ്മാർജ്ജനവും
- സാനിറ്ററി ലാന്റ് ഫില്ലിംഗ്

ഇപ്പോൾ പ്രധാനമായും മൂന്ന് സംസ്കരണ രീതികളാണ് അവലംബിച്ച് വരുന്നത് (1) മണ്ണിര കമ്പോസ്റ്റിംഗ് (2) വിൻഡ്രോ കമ്പോസ്റ്റിംഗ് (3) ബയോ ഗ്യാസ് ഉൽപ്പാദനം എന്നിവയാണിവ. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം, ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം, പ്രത്യേക മാലിന്യ സ്ത്രോതസ്സുകളിലെ പരിഹാരനടപടികൾ, അറവുശാല മാലിന്യ സംസ്കരണം, ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ പുനരുദ്ധാരണം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ പ്രശ്നദൂരീകരണം, യു.ഐ.ഡി.എസ്.എസ്. എം.ടി. പദ്ധതി, അറവുശാല നിർമ്മാണം നവീകരണം, ദ്രവമാലിന്യ പരിപാല നവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യപദ്ധതി, മാതൃകാ ദ്രവമാലിന്യ പരിപാടി മുതലായ ഖര-ദ്രവമാലിന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് മാലിന്യ മുക്ത കേരളം പരിപാടിയുടെ ഭാഗമായി 225 നഗരവൽകൃത ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും പദ്ധതി സമർപ്പിച്ച 140 ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 53 മുനിസിപ്പാലിറ്റികൾക്ക് സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിക്കുള്ള അംഗീകാരവും ഭാഗിക സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

(ബി) മാലിന്യങ്ങൾ ഉണ്ടാകുന്ന സ്ഥലത്തുതന്നെ തരംതിരിച്ച് സംഭരിക്കാനും ജൈവമാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കാനുമുള്ള പദ്ധതിക്കാണ് മാലിന്യമുക്ത കേരളം പരിപാടിയിലൂടെ ഊന്നൽനൽകിവരുന്നത്. ആയതുകൊണ്ട് മാലിന്യ ഉൽപ്പാദന കേന്ദ്രങ്ങളായ വീടുകൾ, കടകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും ഉറവിട സംസ്കരണം ഉറപ്പാക്കാനും ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പി ക്കാനുമായി ബയോഗ്യാസ് പ്ലാന്റുകൾ വെർമി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ് പ്ലാന്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം നൽകിവരുന്നു. ഗാർഹിക ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളായ ഗാർഹിക മണ്ണിര കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് (0.5 m3)എന്നിവയ്ക്ക് മൊത്തംതുകയുടെ 50% സബ്സിഡിനൽകി പ്രോത്സാഹി പ്പിച്ചുവരുന്നു. ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനായി സർക്കാർ അംഗീകൃത സേവന ദാതാക്കളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി തയ്യാറാക്കാനായി ശുചിത്വമിഷന്റെ സാങ്കേതിക സഹായവും ലഭ്യമാക്കിവരുന്നു.

ഖര മാലിന്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

128 (1598) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ജോലിചെയ്യുന്ന ഖരമാലിന്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly